# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 03-02-2020 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 351

# വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി

ചോദ്യം

ശ്രീ. ടി. എ. അഹമ്മദ് കബീർ :

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ;

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ വിവിധ ഘടകങ്ങളുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | പൂർത്തീകരിക്കേണ്ടത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ | 20% |
| 2 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 40% |
| 3 | കണ്ടെയ്നർ ബർത്ത് | 800 മീറ്റർ x 60 മീറ്റർ | പൈലിംഗ്, ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തികരിച്ചു. |
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയ്നുകൾ, ടഗ് ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ - 8 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| | | ടഗ് ബോട്ടുകൾ - 4 എണ്ണം | 3 ടഗ് ബോട്ടുകൾ നിർമ്മാണം പൂർത്തിയായി. മറ്റൊരു ടഗ്ഗിന്റെ നിർമ്മാണം |

| | | | |
|---|---|---|---|
| | | | പുരോഗമിക്കുകയാണ്. |
| | | യാർഡ്, ക്രെയിനുകൾ - 24 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |

(ബി) ഇുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒപ്പിട്ട കരാറിലെ ഏതൊക്കെ വ്യവസ്ഥകൾ നിലവിൽ പാലിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ ;

(ബി) കരാറിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചാണ് നിർമ്മാണം മുന്നോട്ട് പോകുകയാണ്. എന്നാൽ വ്യവസ്ഥകൾ പാലിക്കപ്പെടാതെ വരുന്ന സന്ദർഭങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കരാർ കമ്പനിക്ക് യഥാസമയം നോട്ടീസ് നൽകുന്നുണ്ട്.

(സി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ ?

(സി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ 1188.73 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.

Sheeba

**സെക്ഷൻ ഓഫീസർ**